**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | കാസറഗോഡ് ജില്ലയിലെ നന്ദരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേക്ക് 10.07.2017-ലെ GO(Rt)No. 942/2017/PWD പ്രകാരം 3500 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി - പി.എം.യു മുഖേന 793.68 കിലോമീറ്റർ ദൂരത്തിലാണ് മലയോരഹൈവേ നടപ്പിലാക്കുന്നത്. 793.68 കി മീ റോഡിനും സാമ്പത്തികാനുമതിക്കായി DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 735.93 കി. മീ റോഡിന് സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള 57.75 കി മീ മലയോര ഹൈവേ പദ്ധതിക്ക് കിഫ്ബിയുടെ അപ്രൈസൽ നടപടികൾ പുരോഗമിക്കുന്നു.<br><br>സാമ്പത്തികാനുമതി ലഭ്യമായ സ്ട്രെച്ചുകളിൽ 482.20 കി.മീ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും ഇതിൽ 429.77 കിമീ പ്രവൃത്തി എഗ്രിമെന്റിൽ ഏർപ്പെട്ട് ആരംഭിച്ചിട്ടുമുണ്ട്. 133.68 കി. മീ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 296.09 കിമീ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>സാമ്പത്തികാനുമതി ലഭ്യമായ സ്ട്രെച്ചുകളിൽ ബാക്കിയുള്ള 253.73 കി.മീ വന ഭൂമി ലഭ്യമാക്കുന്നതിനും, ഫ്രീ സറണ്ടർ ആയി ഭൂമി ലഭ്യമാക്കുന്നതിനും, യൂട്ടിലിറ്റി എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളിലാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടും പ്രസ്തുത ഹൈവേയുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ മാനദണ്ഡപ്രകാരം മലയോര ഹൈവേ 12 മീറ്റർ വീതിയിൽ പൊതുജനങ്ങളിൽ നിന്ന് ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കിയാണ് നവീകരിക്കുന്നത്. 85% ഭൂമി ലഭ്യത ഉറപ്പാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ച വരുന്നു. പ്രവൃത്തികൾ പുരോഗമിക്കുന്നതിനോടൊപ്പം തന്നെ ബാക്കി ഭൂമി ലഭ്യമാക്കുന്ന നടപടികളും നടന്നു വരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ പൊതുജനങ്ങൾ ഫ്രീ സറണ്ടറായി ഭൂമി വിട്ട് നൽകുവാൻ തയ്യാറാവാത്തത് മൂലവും വനഭൂമി വിട്ട് കിട്ടാത്തത് മൂലവും പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | വനമേഖലയിൽ നിന്നും ഭൂമി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സർവ്വേനടപടികൾ പൂർത്തീകരിച്ച് താൽക്കാലിക പെഗ് മാർക്കിംഗ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് വനഭൂമി കൈമാറികിട്ടുന്നതിനായി അനുമതി ആവശ്യമുള്ള 8 ജില്ലകളിൽ നിന്നും കെ.ആർ.എഫ്.ബി - പി.എം.യു മുഖേന പരിവേഷ് പോർട്ടൽവഴി വനംവകുപ്പിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വനംവകുപ്പ് അപേക്ഷകൾ പരിശോധിച്ച് തൃപ്തികരമാണന്ന് ബോധ്യപ്പെട്ടാൽ സ്റ്റേജ് 1 അനുമതി നൽകും. ഇതുവരെയായി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ അപേക്ഷകൾക്ക് സ്റ്റേജ് 1 അനുമതി ലഭ്യമായിട്ടുണ്ട്. സ്റ്റേജ് 1 അനുമതി ലഭ്യമായ അപേക്ഷകളിൽ വനംവകുപ്പ് നിർദ്ദേശിക്കുന്ന തുക ഒടുക്കിയതിന് ശേഷം വനഭൂമിയ്ക്ക് പകരം ഉള്ള റവന്യൂ ലാൻഡ് വനംവകുപ്പിന് കൈമാറേണ്ട രേഖകൾ ഉൾപ്പെടെ സ്റ്റേജ് 2 അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ അതാത് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നു. മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ വനം വകുപ്പിന് കൈമാറേണ്ട റവന്യൂ ലാൻഡ് കണ്ടെത്തേണ്ടതായിട്ടുണ്ട്. 1 ഹെക്ടറിനു ഉള്ളിലുള്ള വനഭൂമിക്കുള്ള സ്റ്റേജ് 2 അനുമതി സംസ്ഥാന സർക്കാരിൽനിന്നും 1 ഹെക്ടറിനുമുകളിലുള്ള സ്റ്റേജ് 2 അനുമതി കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥാ വ്യതിയാനവകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന റീജണൽ ഓഫീസ് ബാംഗ്ലൂരിൽ നിന്നും ആണ് ലഭിക്കുന്നത്. കാസർഗോഡ് ജില്ലയിലെ അപേക്ഷയ്ക്ക് സ്റ്റേജ് 2 അനുമതി ലഭിച്ചിട്ടുണ്ട്. വനഭൂമിയിൽ കല്ലുകൾ സ്ഥാപിക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കു ന്നതിനും വനംവകുപ്പിന്റെ സ്റ്റേജ് 2 അനുമതി ആവശ്യമാണ്. |
| (ഡി) | പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; നിലവിൽ പ്രവൃത്തി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ഡി) | എറണാകുളം, പാലക്കാട് ജില്ലകൾ ഒഴികെയുള്ള മറ്റ് എല്ലാ ജില്ലകളിലെയും മലയോര ഹൈവേ പദ്ധതി മറ്റ് തടസങ്ങൾ ഇല്ലെങ്കിൽ 31.2.2026-നകം പൂർത്തീകരിക്കുന്ന തരത്തിലാണ് പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | മുന്നോട്ട് പോകുന്നത്. കൊല്ലം ജില്ലയിലെ മലയോര ഹൈവേ പ്രവൃത്തി 28.12.2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ മലയോര ഹൈവേ നവീകരണ പ്രവൃത്തികൾ 31.12.2024-നകവും കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പ്രവൃത്തികൾ 31.12.2025-നകവും പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പാലക്കാട് ജില്ലയിലെ മലയോര ഹൈവേ പദ്ധതി 31.12.2027-നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എറണാകുളം ജില്ലയിലെ ജനങ്ങൾ ഫ്രീ സറണ്ടറായി ഭൂമി വിട്ടുനൽകുവാൻ തയ്യാറാവാത്തതിനാൽ ടി ജില്ലയിലെ നവീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല.<br><br>മുഖ്യമന്ത്രിയുടെ പ്രയോറിറ്റി പ്രോജക്ടുകളിൽ ഒന്നാണ് മലയോര ഹൈവേ പദ്ധതി. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി നേരിട്ട് യോഗങ്ങൾ നടത്തി വരുന്നു. ഇത് കൂടാതെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും പ്രവൃത്തി അവലോകനയോഗം ചേരുന്നുണ്ട്. സെക്രട്ടറി തലത്തിലും ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ കെ.ആർ.എഫ്.ബി തലത്തിലും അവലോകന യോഗം നടത്തി വരുന്നുണ്ട്. ഈ യോഗത്തിൽ പ്രവൃത്തിയുമായി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് പോകുന്നുണ്ട്. എല്ലാ മാസവും അതാത് ജില്ലകളിൽ DICC യോഗങ്ങളിലും പ്രവൃത്തി അവലോകനം നടത്തിവരുന്നു. വനമേഖലയിൽ നിന്നും ഭൂമി ലഭ്യത ഉറപ്പ് വരുത്തുവാൻ കളക്ടർമാരുടെ യോഗങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ